ഇന്നത്തെ സഭാനടപടികളുടെ ബഹിഷ്ക്കരണത്തിൽ ഞങ്ങളും പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും 13.4.1999 ലെ ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

IV. ശ്രദ്ധക്ഷണിക്കൽ

1. സംസ്ഥാനത്തെ കാർഷിക-ഗ്രാമീണ മേഖലകൾക്കുവേണ്ടി ഋണാശ്വാസ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

(ശ്രീ. കെ.എ. ചന്ദ്രൻ സഭയിൽ ഹാജരാകാതിരുന്നതിനാൽ ഉന്നയിക്കപ്പെട്ടില്ല)

2. കോഴിക്കോട് ജില്ലയിലെ വിവിധ ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. സി.കെ. നാണു : സർ, കോഴിക്കോട് ജില്ലയിലെ വിവിധ ശുദ്ധജല വിതരണ പദ്ധതികൾ പരിപൂർണ്ണമായും നടപ്പിലാക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. എം.എൽ.എ മാരുടെ അഭ്യർത്ഥനയനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി.പി.രാമകൃഷ്ണപിള്ള 25.6.1998-ന് കോഴിക്കോടുവച്ച് വാട്ടർ അതോറിറ്റി എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. എം.എൽ.എ. മാരായ ശ്രീ. എ. കണാരനും ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഗുളികപ്പുഴ, വടകര ആഗ്മെന്റേഷൻ, ഒഞ്ചിയം-ചോറോട് എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങളാണ് ആ യോഗത്തിൽ വിലയിരുത്തിയത്. ആ യോഗത്തിൽവച്ച് ചില പരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് വ്യക്തമാക്കി. പക്ഷേ ഇന്ന് വടകരയിലും പരിസരങ്ങളിലുമുള്ള അവസ്ഥ, വടകര മുനിസിപ്പാലിറ്റിയിലെ ശുദ്ധജലത്തിന്റെ ലഭ്യതക്കുറവിനെതിരായി, വടകര ആഗ്മെന്റേഷൻ സ്കീമിലൂടെ വടകര മുനിസിപ്പാലിറ്റിയിലെ വിവിധ ഭാഗങ്ങളിൽ വെള്ളം ലഭിക്കാത്തതിന്റെ ഫലമായി, ആ മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ ഒരു പ്രത്യക്ഷസമര പരിപാടിയിലേയ്ക്ക് നീങ്ങാൻ ശ്രമിക്കുകയാണ്. കുറച്ചുദിവസങ്ങൾക്കുമുമ്പ് വടകര താലൂക്കാശുപത്രിയിൽ ശുദ്ധജലക്ഷാമമുണ്ടായി. അവിടെ വാട്ടർ അതോറിറ്റിയാണ് വെള്ളം നൽകുന്നത്. ആശുപത്രിക്കു വെള്ളം നൽകിയിരുന്ന കിണറിൽ വെള്ളം കുറഞ്ഞപ്പോൾ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള മറ്റു ഭാഗങ്ങളിൽനിന്ന് ആശുപത്രിയിൽ വെള്ളം എത്തിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടിയപ്പോൾ, ബഹുമാനപ്പെട്ട സത്യൻ മൊകേരിയും ശ്രീ. എ. കണാരനുമെല്ലാം ചേർന്ന് ഏതെങ്കിലും തരത്തിൽ വടകര താലൂക്കാശുപത്രിയിൽ വെള്ളമെത്തിക്കാനുള്ള ആവശ്യകതയെക്കുറിച്ച് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുമായി നടന്ന ചർച്ചയിൽ ഞങ്ങൾ മുമ്പോട്ടുവച്ച നിർദ്ദേശങ്ങളെ സംബന്ധിച്ച് ഘട്ടംഘട്ടമായി നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞതിലുമൊക്കെ ചില പ്രശ്നങ്ങളുണ്ട്. ബോംബെ കമ്പനി മഞ്ചേരിയിൽ നടത്തിയ പരീക്ഷണം വിജയിച്ചാൽ, വടകര ആഗ്മെന്റേഷനിലും

LIBRARY ARCHIVES Kerala Legislative Assembly

ഒഞ്ചിയം-ചോറോടിലും 400 ജോയിന്റുകൾ ആ ബോംബെ കമ്പനിയെ ക്കൊണ്ടു നടപ്പിലാക്കിക്കാം. അങ്ങനെ വടകര ആഗ്മെന്റേഷന്റേയും ഒഞ്ചിയം-ചോറോട് സ്കീമിന്റെയും തകരാറുകൾ തീർക്കാൻ സാധിക്കു മെന്നു പറഞ്ഞിരുന്നു. ബോംബെ കമ്പനിയുടെ പരിപാടി വിജയിച്ചിട്ടുണ്ടോ എന്നറിയില്ല. പക്ഷേ വടകര ആഗ്മെന്റേഷനിലേയ്ക്കുള്ള ജോയിന്റുകൾ നന്നാക്കാനുള്ള പരിപാടികൾ ഇതുവരെ നടന്നിട്ടില്ല. അവിടത്തെ പ്രധാന പ്രശ്നം പ്രിമോ പൈപ്പ് കമ്പനിയിൽനിന്ന് വാങ്ങിയ പൈപ്പുകൾ പൊട്ടി ക്കൊണ്ടിരിക്കുന്നു എന്നതാണ്. പല ഭാഗത്തും പൈപ്പുകൾ പൊട്ടി ആ പ്രദേശം മുഴുവൻ വെള്ളത്തിലാകുക, റോഡുകൾ തകരാറിലാകുക തുട ങ്ങിയ സ്ഥിതിയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാന പ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ആ പൈപ്പുകൾ നന്നാ ക്കാൻ അധികമൊന്നും കാത്തുനിൽക്കാതെ അതിന്റെ ജോയിന്റുകൾ നന്നാ ക്കണം. അതിനുപരിഹാരം കാണാൻ ഇനിയും കാത്തിരിക്കാൻ സാധ്യമല്ല. പൊട്ടിക്കൊണ്ടിരിക്കുന്ന ആ പൈപ്പുകൾ മാറ്റി ജി.എ. പൈപ്പുകൾ ഇടുന്നതിനാവശ്യ മായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വടകര, മേപ്പയൂർ, നാദാപു രം, മണ്ഡലങ്ങളിൽ ശുദ്ധജലം എത്തിക്കണം. ഒഞ്ചിയം ചോറോട് പദ്ധതി ആരംഭിച്ചതിനെക്കുറിച്ചോ അതിനു പണം ചെലവഴിച്ചതിനെക്കുറിച്ചോ ഒന്നും ഞാൻ പറയുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യ ത്തിൽ അന്ന് വാട്ടർ അതോറിറ്റിയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ മുമ്പാകെ നമ്മളെടുത്ത തീരുമാനം, ഒന്നു രണ്ടു മാസങ്ങൾ കഴിയുമ്പോൾ, മഴക്കാലമാണ്, അതുകൊണ്ടു അവിടെ കുഴിച്ച് പൈപ്പുകൾ മാറ്റാൻ പ്രയാ സമാണ് എന്നതാണ്. അതിന്റെയടിസ്ഥാനത്തിൽ ആ വർഷവും കാര്യങ്ങൾ നടന്നില്ല. ഇപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് എന്തെങ്കിലും ഉറപ്പുനൽകിയാൽ ജനങ്ങൾ അതു വിശ്വസിക്കാത്ത രീതിയിലായിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് വടകര ആഗ്മെന്റേഷൻ പദ്ധതി, ഒഞ്ചിയം-ചോറോട് പദ്ധതി, ഗുളികപ്പുഴ പദ്ധതി തുടങ്ങിയവയിലെ തകരാറുകൾ പരിപൂർണ്ണമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാകണമെന്നാണ്. അതുപോലെതന്നെ കൊയിലാണ്ടി മണ്ഡലത്തിലും പേരാമ്പ്ര മണ്ഡലത്തിലും ശുദ്ധജലവിത രണം നടത്താൻ 1984-ൽ ആരംഭിച്ചതാണ് പെരുവണ്ണാമൂഴി പദ്ധതി. പെരുവ ണ്ണാമൂഴിയിൽനിന്ന് പേരാമ്പ്രയിലും കൊയിലാണ്ടിയിലും ശുദ്ധജലവിത രണം പരിപൂർണ്ണമായി നടത്തുന്നതിനാവശ്യമായ നടപടികൾ വിജയിപ്പി ക്കാൻ സാധിച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ ഒന്നുരണ്ടുദിവസം മുമ്പ് ബഹുമാനപ്പെട്ട എം. ദാസൻ, കോഴിക്കോട്ടെ ശുദ്ധജലവിതരണത്തിന്റെ വിഷമതകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവിടെ പൈപ്പുകൾ പൊട്ടലും മറ്റും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. കോഴിക്കോട് നഗ രത്തിന് ജപ്പാനിലെ ഒ.ഇ.സി.എഫ്. ന്റെ സഹായത്തോടെ സ്ഥാപിക്കുന്ന ബൃഹത്തായ ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം വളരെ വേഗം നടപ്പിലാ ക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടു ത്ത്, മന്ത്രിയുടെ നേതൃത്വത്തിൽതന്നെ ഇത് സംബന്ധിച്ച് ശ്രദ്ധിച്ച് പരിപാടി കൾ നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ കൊടു വള്ളി മണ്ഡലത്തിൽ ഊരുർപുഴ ശുദ്ധജലപദ്ധതിയും ഉദ്ദേശിച്ച രൂപ ത്തിൽ വിജയിച്ചുവരുന്നില്ല. വടകര താലൂക്കിലെ പഞ്ചായത്ത് പ്രസിഡന്റുമാ

LIBRARY ARCHIVES Kerala Legislative Assembly

രുടെ നേതൃത്വത്തിൽ ശുദ്ധജല പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് ഡി.ഡി.സി യോഗത്തിൽ ഒരു എം.എൽ.എ. എന്നുള്ള നിലയ്ക്ക് പങ്കെടുക്കുമ്പോൾ വാട്ടർ അതോറിറ്റിയിലെ എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിക്കുന്ന വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ഇത്ര മാസം കൊണ്ട് ഈ പ്രോജക്ടുകൾ പൂർത്തിയാക്കപ്പെടുമെന്ന് പത്രങ്ങൾ മുഖേന ജനങ്ങൾക്ക് ഉറപ്പു നൽകുന്നുണ്ട്. പക്ഷെ അതൊന്നും നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താല്പര്യമെടുത്ത് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടിയതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, നന്ദിയുണ്ട്. പണത്തിന്റെ ദൗർലഭ്യമാണ് പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെങ്കിൽ ആവശ്യമായ പണം നൽകുമെന്ന് മന്ത്രി അവിടെവച്ച് ഉദ്യോഗസ്ഥന്മാരോട് പറഞ്ഞു. എന്നിട്ടും നമ്മൾ ഉദ്ദേശിക്കുന്ന പരിപാടികൾ നടപ്പിലാക്കുന്നില്ല. അതുകൊണ്ട് ഈ പദ്ധതികൾ വളരെ വേഗം നടപ്പിലാക്കണം. ഏതാണ്ട് ഒന്ന് ഒന്നരമാസം കഴിഞ്ഞാൽ മഴക്കാലമായി, വീണ്ടും മഴക്കാലത്തിലേയ്ക്ക് നമ്മൾ നീങ്ങുകയാണ്. ഈ അവസരത്തിൽ ഇതൊന്നും പരിഹരിക്കാൻ സാധിക്കുകയില്ല. ഇങ്ങനെ ഓരോ വർഷം കഴിയുന്തോറും ഇത് ഇഴഞ്ഞ് നീങ്ങുകയാണ്. പത്ത്, പന്ത്രണ്ട് വർഷമായി ഭൂമിക്കടിയിൽ കിടക്കുന്ന പൈപ്പുകൾ പലതും മഴവെള്ളം വരുന്ന അവസരത്തിൽ പൊട്ടിപ്പോകുന്ന സാഹചര്യമാണ്. ഇതിനൊക്കെ പരിഹാരം കാണാൻ കഴിയണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ പ്രത്യേകമായി അതിനെക്കുറിച്ച് പരിശോധിച്ച് അടിയന്തിര പരിഹാരം കാണാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മേപ്പയൂർ എം.എൽ.എ. ശ്രീ. എ. കണാരൻ വടകരയിലെ വാട്ടർ അതോറിറ്റി ഓഫീസിനുമുന്നിൽ സമരമാരംഭിച്ചു. വടകരയിലെ എം.എൽ.എ. എന്നുള്ള നിലയിൽ ഞാനും അദ്ദേഹത്തോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹവും പഞ്ചായത്ത് പ്രസിഡന്റുമാരും ആ സമരത്തിൽനിന്ന് പിൻമാറിയത്. ഈ നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കോഴിക്കോട് കോർപ്പറേഷനിൽ നടത്തിക്കൊണ്ടിരുന്ന ആഗ്മെന്റേഷൻ പദ്ധതിയുടെ ഒന്നാംഘട്ടം 1999 മാർച്ച് മാസത്തിൽ പൂർത്തിയായി. ഇടക്കാല വിപുലീകരണ പദ്ധതിയുടെ രണ്ടാംഘട്ട പണികൾ നടന്നുവരികയാണ്. ഈ പദ്ധതിയുടെ ശുദ്ധീകരണശാലയുടെ പണി 60 ശതമാനം പൂർത്തിയായിട്ടുണ്ട്. മാവൂർ മുതൽ കുറ്റിക്കാട്ടൂർവരെ ഇടുന്നതിനാവശ്യമായ പൈപ്പുകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. മാവൂർ മുതൽ കുറ്റിക്കാട്ടൂർ വരെയുള്ള 600 എം.എം. പമ്പിംഗ് മെയിൻ സ്ഥാപിച്ചുകഴിഞ്ഞു. ഈ പദ്ധതി 2001-ൽ പൂർത്തിയാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. കോഴിക്കോട് താലൂക്കിൽ വിവിധ പഞ്ചായത്തുകളുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വേനൽക്കാലത്ത് വോൾട്ടേജ് കുറയുമ്പോൾ കൂടുതൽ ഷിഫ്റ്റ് ഏർപ്പെടുത്തി വിതരണ ശൃംഖലയിൽ ജലവിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട്, വടകര, കൊയിലാണ്ടി എന്നീ താലൂക്കുകളിൽ പൂർത്തീകരിക്കാനുണ്ടായിരുന്ന പ്രധാന ശുദ്ധജലവിതരണ പദ്ധതികളിൽ മൂന്നെണ്ണം അതായത് വേളം, ചക്കിട്ടപ്പാറ, തിരുവള്ളൂർ എന്നിവ പൂർണ്ണമായും മൂന്നെണ്ണം ഭാഗികമായും കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ആറോളം പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലവിതരണ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്. 1984-ൽ ആരംഭിച്ച 352.52 ലക്ഷം രൂപമതിപ്പ് ചെലവ് പ്രതീക്ഷിച്ചിരുന്ന ഒഞ്ചിയം-ചോറോട് ശുദ്ധജല പദ്ധതിയുടെ ശേഷി 7.47 എം.എൽ.ഡി. ആണ്. ശുദ്ധീകരണശാല സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലും പമ്പിംഗ് മെയിനിലും ഗ്രാവിറ്റി മെയിനിലും ഉള്ള റബ്ബർ റിംഗുകൾ കാലപ്പഴക്കംകൊണ്ടു കേടുവന്നതിനാലും എ.സി. പൈപ്പുകൾ പൊട്ടിയതിനാലുമാണ് പദ്ധതി കമ്മീഷൻ ചെയ്യാൻ കാലതാമസം വന്നത്. വിതരണ ശൃംഖലയിൽ സ്ഥാപിച്ചിട്ടുള്ള എച്ച്.ഡി. പൈപ്പുകൾ പൊട്ടുന്നതുകൊണ്ട് വിതരണ ശൃംഖല കമ്മീഷൻ ചെയ്യുന്നതിനും താമസം നേരിടും. ഇപ്പോൾ നാദാപുരം വില്ലേജിന്റെ ഭാഗമായി ശുദ്ധജല വിതരണം നടത്തുന്നുണ്ട്. കൂടാതെ തൂണേരി വില്ലേജിലേയ്ക്കുള്ള നാല് കിലോമീറ്റർ ഗ്രാവിറ്റി മെയിനിൽ 3.5 കിലോമീറ്റർ ചാർജ് ചെയ്തുകഴിഞ്ഞു. വെള്ളിക്കുളങ്ങരയിലേക്കുള്ള എട്ട് കിലോമീറ്റർ ഗ്രാവിറ്റി ലൈനിൽ നാല് കിലോമീറ്റർ ചാർജ് ചെയ്തുകഴിഞ്ഞു. ബാക്കി ചാർജ് ചെയ്യാനുള്ള പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൊയിലാണ്ടിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര ശുദ്ധജലപദ്ധതി അതായത് പെരുവണ്ണാമൂഴിയുടെ പണി 1984-ൽ ആരംഭിച്ചതാണ്. പെരുവണ്ണാമൂഴി സോഴ്സായ ഈ പദ്ധതിക്ക് 956.69 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പന്ത്രണ്ട് എം.എൽ.ഡി. കപ്പാസിറ്റിയുള്ള ഈ പദ്ധതിക്ക് 65.5 കിലോമീറ്റർ ദൈർഘ്യമുള്ള ഗ്രാവിറ്റി മെയിനും 134.45 കിലോമീറ്റർ ദൈർഘ്യമുള്ള വിതരണശൃംഖലയുമാണുള്ളത്. ഈ പദ്ധതിയുടെ ഒരു സോൺ കമ്മീഷൻ ചെയ്തു. ഈ പദ്ധതിക്ക് വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച 600 എം.എം.എ.സി ക്ലാസ് പൈപ്പുകൾ കാലപ്പഴക്കംമൂലം ജലത്തിന്റെ സമ്മർദ്ദം താങ്ങാനാകാതെ പൊട്ടുന്നുണ്ട്. കൂടാതെ ഈ പൈപ്പുകളുടെ റബ്ബർ ഗാസ്ക്കറ്റുകൾ കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ച് ലീക്ക് ചെയ്യുന്നതായും കാണുന്നു. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചു. ആ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1.63 കോടി രൂപ മതിപ്പ് ചെലവുവരുന്ന നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നതോടുകൂടി പദ്ധതിയുടെ മറ്റ് സോണുകളിൽക്കൂടി ജലവിതരണം നടത്താൻ കഴിയും. വടകര ആഗ്മെന്റേഷൻ ശുദ്ധജല പദ്ധതി 1990-ലാണ് ആരംഭിച്ചത്. ഈ പദ്ധതി 1997-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. ഗുളികപ്പുഴ സ്രോതസ്സാണ് ഈ പദ്ധതിയുടെ വിതരണ ശൃംഖല. 21.34 ചതുരശ്ര കിലോമീറ്റർ വീതിയിൽ ഇത് വ്യാപിച്ചുകിടക്കുന്നു. 13 എം.എൽ.ഡി. ശേഷിയുള്ള ഒരു പദ്ധതിക്ക് ഇതുവരെ 1148 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതിക്ക് 77 കിലോമീറ്റർ ദൈർഘ്യമുള്ള വിതരണ ശൃംഖലയും 19.32 കിലോമീറ്റർ ദൈർഘ്യമുള്ള ഗ്രാവിറ്റി മെയിനുമാണുള്ളത്. ഗ്രാവിറ്റി മെയിനിലെ ജോയിന്റ് ലീക്ക് ചെയ്യുന്നത് കാരണം 30 ശതമാനം വെള്ളം മാത്രമേ വടകരയിൽ കിട്ടുന്നുള്ളു. അമിതമായി ലീക്ക് ചെയ്യുന്ന ജോയിന്റുകൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടി ഇന്ത്യൻ പൈപ്പ് കമ്പനി പുതിയ സാങ്കേതിക വിദ്യയുമായി മുന്നോട്ടു വന്നിട്ടുണ്ട്. അഞ്ചേരിയിൽ പ്രിമോ പൈപ്പ് കമ്പനിയിൽനിന്ന് വാങ്ങിയ പൈപ്പുകളിൽ ലീക്കുണ്ടായപ്പോൾ ആ ലീക്ക് പരിഹരിക്കുന്നതിന് ഇതേ കമ്പനി അവിടെ നടത്തിയ റിപ്പയറുകൾ വിജയകരമാണെന്ന് കണ്ടിരുന്നു. അതുകൊണ്ട് വടകര ആഗ്മെന്റേഷൻ പദ്ധതിയിലെ 400 ജോയിന്റുകൾ റിപ്പയർ ചെയ്യുന്നതിന് 18 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തി അടിയന്തിരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ഇത് നടന്നുകഴിഞ്ഞിട്ട് വടകര ശുദ്ധജല വിതരണപദ്ധതി മെച്ചപ്പെടുത്തുന്നതാണ്. ആവശ്യമെന്നുകണ്ടാൽ ഈ രീതിയിൽതന്നെ ജോയിന്റുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഗ്രാവിറ്റി മെയിനിന്റെ പുനരുദ്ധാരണത്തിനാവശ്യമായ തുക 1999-2000 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന കാര്യവും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി.കെ. നാണു : ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോടുവച്ച് യോഗം ചേർന്നപ്പോൾ വടകര ആഗ്മെന്റേഷൻ പദ്ധതിയിലും അതുപോലെ ഒഞ്ചിയം-ചോറോട് പദ്ധതിയിലും പ്രിമോ പൈപ്പ് കമ്പനിയിൽനിന്ന് ലഭിച്ച പൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ട് കാസ്റ്റ് അയൺ പൈപ്പുകളുപയോഗിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അന്നത്തെ ചർച്ചയിൽ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രിമോ പൈപ്പുകൾ മാറ്റി കാസ്റ്റ് അയൺ പൈപ്പുകളുപയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : നേരത്തേയിട്ടിരുന്ന പൈപ്പുകൾ നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ കമ്മീഷൻ ചെയ്യുന്ന അവസരത്തിൽ പൊട്ടുന്നുണ്ട്. ഈ പൊട്ടുന്ന പൈപ്പുകളൊക്കെ ഘട്ടംഘട്ടമായി മാറ്റാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങനെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല പുതുതായി തുടങ്ങുന്ന വാട്ടർ സപ്ലൈ സ്കീമിന്റെ മെയിൻ പമ്പിംഗ് ലൈനിലെല്ലാം കാസ്റ്റ് അയൺ പൈപ്പ് അല്ലെങ്കിൽ സ്റ്റീൽ പൈപ്പ് മാത്രമേ ഉപയോഗിക്കാവൂ എന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. പഴയകാലത്ത് ചെയ്തതൊക്കെ പൊട്ടുന്നതിന്റെ ഭാഗമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

V. സബ്മിഷൻ

1. നടുവട്ടത്തെ സി.പി.ഐ (എം) പ്രവർത്തകന്റെ കൊലപാതകം

ശ്രീ. ടി.കെ. ഹംസ : സർ, ബേപ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് നടുവട്ടത്ത് ക്രമസമാധാനനില തകരാറിലായിരിക്കുകയാണ്. ഇന്നലെ രാവിലെ ബി.ജെ.പി. പ്രവർത്തകനായ മനോജ് എന്ന ഒരാൾ ദുരൂഹസാഹചര്യത്തിൽ മരിച്ചുകിടക്കുന്നതായി കണ്ടു. 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ' എന്ന നിഗമനത്തിൽ ബി.ജെ.പി.ക്കാർ വാളും പരിചയുമെടുത്ത് ഇറങ്ങി പത്തു മണിക്കുശേഷം ബേപ്പൂരിലെ പല ഭാഗങ്ങളിലും ഭീകരമായ അന്തരീക്ഷം സൃഷ്ടിച്ചു; വ്യാപകമായ ആക്രമങ്ങൾ അഴിച്ചുവിട്ടു. ഒരു കല്യാണത്തിൽ പങ്കെടുത്തശേഷം തിരിച്ചുവന്ന രണ്ടു മാർക്സിസ്റ്റ് അനുഭാവികളിൽ ഒരാളെ കൂർപ്പിച്ച സോഡാക്കുപ്പികൊണ്ട് കുത്തിക്കൊന്നു. കഴുത്തിലാണ് കുത്തിയത്. രക്തം വാർന്നൊലിച്ച് അയാൾ അവിടെകിടന്ന് മരിച്ചു. രണ്ടാമതൊരാൾ മാരകമായ പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുകയാണ്. നിരവധി വീടുകൾക്ക് തീവച്ചു. മാത്രമല്ല നടുവട്ടത്തെ മാർക്സിസ്റ്റ് പാർട്ടി ഓഫീസിനകത്തു കടന്ന് സകല

LIBRARY ARCHIVES Kerala Legislative Assembly